LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിലെ റോഡുകളുടെ ടെണ്ടർ വിളിച്ചപ്പോൾ കരാറുകാർ ക്വോട്ട് ചെയ്ത റേറ്റ് വളരെ കൂടുതലായതിനാൽ റോഡ് പാക്കേജുകൾ ചെറുതായി ടെണ്ടർ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) പാക്കേജുകളിലെ വലിപ്പം മൂലവും ക്വോട്ട് ചെയ്ത റേറ്റ് കൂടുതലായതിനാലും വലിയ തുക കണ്ടെത്തേണ്ടിവരുമെന്നതിനാലുമാണ് അംഗീകാരം ലഭിക്കാത്തത്. ആയതിനാൽ പാക്കേജുകളുടെ വലിപ്പം കുറച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണം**

258 (4890) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം - പെരിങ്ങളം - കുറ്റിക്കാട്ടൂർ റോഡിന്റെ പുനരുദ്ധാരണത്തിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

4.70 കി.മീ.ദൈർഘ്യമുള്ള കുന്ദമംഗലം-പെരിങ്ങളം-കുറ്റിക്കാട്ടൂർ റോഡിന്റെ 0/000 മുതൽ 1/100 വരെ ബി.എം&ബി.സി പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന ഭാഗത്തിന്റെ പുതുക്കിയ നിരക്കിലുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് നിർമ്മാണം**

259 (4891) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല - കുന്നംകുളം നിയോജകമണ്ഡലം ചാവക്കാട് വടക്കാഞ്ചേരി റോഡിലെ കുന്നംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗം റോഡ് പ്രവൃത്തി ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) ഈ പണി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;